പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2142 23.03.2012 ൽ മറുപടിയ്ക്ക്

നാദാപുരം മണ്ഡലത്തിലെ മിനിജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നാദാപുരം മണ്ഡലത്തിലെ മിനി ജലവൈദ്യുത പദ്ധതികളായ ചാത്തംകോട്ടുനട, വിലങ്ങാട് എന്നിവയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) ചാത്തംകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഒരു ഡൈവർഷൻ വീയർ, പവർ ചാനൽ, പവർ ഹൗസ് എന്നീ വർക്ക് ഫ്രണ്ടുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ ഇതുവരെയുള്ള നിർമ്മാണ പുരോഗതി 3.90% ആണ്.<br>വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഒരു വീയറിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഫോർബേയുടെ എക്സ്കവേഷൻ പൂർത്തിയാക്കി. പവർചാനൽ എക്സ്കവേഷൻ, കോൺക്രീറ്റിംഗ് എന്നിവ പുരോഗമിക്കുന്നു. പെൻസ്റ്റോക്ക് ട്രാക്ക് കട്ടിംഗ് ഭാഗികമായി ചെയ്തു. പെൻസ്റ്റോക്കിന്റെ ഫാബ്രിക്കേഷൻ ജോലികൾ തുടങ്ങി പവർ ഹൗസിലെ കോൺക്രീറ്റിംഗ് ജോലികൾ പുരോഗമിക്കുന്നു. ടെയിൽറേസ് ചാനൽ പൂർത്തിയായി. പദ്ധതിയുടെ മൊത്തത്തിലുള്ള നിർമ്മാണ പുരോഗതി 47.34% ആണ്. |
| (ബി) പദ്ധതി പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല |
| (സി) ഈ പദ്ധതിയിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (സി) ചാത്തംകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും 14.76 മില്യൺ യൂണിറ്റും, വിലങ്ങാട് ചെറുകിട |

(.........2)

| | | |
|---|---|---|
| | | ജലവൈദ്യുത പദ്ധതിയിൽ നിന്നും 22.63 മില്യൺ യൂണിറ്റും വാർഷികോൽപാദനമാണ് ലക്ഷ്യ-മിട്ടിരിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ